# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4305 — 21.03.2018 -ൽ മറുപടിയ്ക്ക്

### സർക്കാർ സേവനം യഥാസമയം ലഭിക്കാത്തതിനാൽ ആത്മഹത്യ ചെയ്ത സംഭവം

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ സേവനം ലഭിക്കാത്തതിന്റെ പേരിലോ പരാതി പരിഹരിക്കപ്പെടാത്തതിന്റെ പേരിലോ ആരെങ്കിലും സർക്കാർ ഓഫീസിൽ ആത്മഹത്യ ചെയ്ത സംഭവമുണ്ടായിട്ടുണ്ടോ, എങ്കിൽ ഏത് ഓഫീസിലാണ് ഈ സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്; ഈ സാഹചര്യത്തിനിടയാക്കിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; | (എ) ഉണ്ട്. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ ചെമ്പനോട് വില്ലേജ് ഓഫീസിൽ ശ്രീ. ജോയ് തോമസ് എന്നയാൾ ആത്മഹത്യ ചെയ്യുകയുണ്ടായി. ടിയാന്റെ ഭാര്യയായ ശ്രീമതി. മോളി തോമസിന്റെ അപേക്ഷയിന്മേൽ നികുതി അടവാക്കുന്നത് സംബന്ധിച്ച് സേവനം ലഭ്യമാകാത്തതിനാലാണ് മരണം സംഭവിച്ചതെന്നതിനെ തുടർന്ന് ആരോപണം ഉണ്ടാവുകയും ആരോപണവിധേയരായ പ്രസ്തുത വില്ലേജ് ഓഫീസിലെ വില്ലേജ് ഓഫീസർ, ശ്രീ.പി.എ.സണ്ണിയേയും മുൻ വില്ലേജ് അസിസ്റ്റന്റ് ശ്രീ.സിലീഷ് തോമസിനേയും അന്വേഷണ വിധേയമായി കോഴിക്കോട് ജില്ലാ കളക്ടർ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) സർക്കാർ സേവനവും പരാതിപരിഹാരവും യഥാസമയം ലഭിക്കാത്തതുമൂലം സർക്കാർ ഓഫീസിൽ പരാതിക്കാർ ആത്മഹത്യ ചെയ്യേണ്ടിവന്ന സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ, എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | (ബി) എല്ലാ ജില്ലകളിലും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം നൽകി വരുന്നുണ്ട്. മേൽപ്പറഞ്ഞ സംഭവം ഉണ്ടായ കോഴിക്കോട് ജില്ലയിലെ ചെമ്പനോട് വില്ലേജ് ഓഫീസിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, നേരിട്ട് പരിശോധന നടത്തുകയും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസ് സേവനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

RG -